**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# റിവ്യൂ പെറ്റീഷൻ നമ്പർ: RP/03/2024

## (സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

## തീയതി: മെയ്-27- 2024

| | | |
|---|---|---|
| റിവ്യൂ പരാതിക്കാരൻ | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>തിരുവല്ല, പത്തനംതിട്ട ജില്ല. |
| റിവ്യൂ എതിർകക്ഷി | : | ശ്രീ. ഫിലിപ്പ് മാത്യു,<br>സ്രാമ്പിക്കൽ വീട്, കല്ലൂപ്പാറ പി.ഓ.,<br>തിരുവല്ല, പത്തനംതിട്ട ജില്ല- 689583. |

# ഉത്തരവ്

## പുനഃപരിശോധനാ ഹർജിയുടെ പശ്ചാത്തലം

അപ്പീൽ ഉത്തരവ് പുനഃപരിശോധിക്കാൻ പരാതി നൽകിയിരിക്കുന്നത് ലൈസൻസിയുടെ തിരുവല്ല സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണ്. P/06/2024 എന്ന അപ്പീൽ പരാതിയിൽ ഏപ്രിൽ-08-2024 ഇറക്കിയ ഉത്തരവ് പുനഃപരിശോധിക്കുക എന്നതാണ് ആവശ്യം. ശ്രീ ഫിലിപ്പ് മാത്യു 2013-ൽ ശ്രീ. തോമസ് മാത്തനിൽ നിന്നും കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കെട്ടിടവും വസ്തുവും വാങ്ങുകയും, അന്നവിടെയുണ്ടായിരുന്ന വൈദ്യുത കണക്ഷൻ തന്റെ പേരിൽ ആക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. 2013-ൽ മല്ലപ്പള്ളി സെക്ഷന്റെ കീഴിലായിരുന്ന പ്രസ്തുത സ്ഥലം 2019-ൽ സെക്ഷൻ വിഭജിച്ചപ്പോൾ തോട്ടഭാഗം ഇലക്ട്രിക് സെക്ഷന്റെ കീഴിലായി. ഈ കെട്ടിടത്തിന്റെ connected load 1.32 kw ഉം താരിഫ് LT VII A യും ആയിരുന്നു. പേരു മാറ്റുന്നതിനു വേണ്ടി അപേക്ഷ 2013ൽ മല്ലപ്പള്ളി സെക്ഷൻ ഓഫീസിൽ നൽകിയിരുന്നു എന്ന്

എതിർകക്ഷി അവകാശപ്പെടുമ്പോഴും തെളിവായിട്ട് ഒന്നും ഹാജരാക്കിയിട്ടില്ല. വൈദ്യുത ചാർജ് കുടിശ്ശിക വരുത്തിയതിനാൽ 2013-ൽ കണക്ഷൻ വിഛേദിച്ചെങ്കിലും അത് തിരികെ നൽകിയെന്നാണ് CGRF-ന്റെ ഉത്തരവിൽ നിന്നും മനസ്സിലാക്കുന്നത്. വൈദ്യുത ഉപയോഗം ഇല്ലെങ്കിലും മിനിമം ചാർജ് അടച്ചുകൊണ്ടേയിരുന്നു. അവസാനമായി മിനിമം ചാർജ് അടച്ചിട്ടുള്ളത് 28-04-2022-ലാണ്. ലൈസൻസിയുടെ ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ടായ വീഴ്ച മൂലം ഈ കണക്ഷനിൽ ഒരു അമിതമായ തുകയ്ക്ക് ബിൽ നൽകുകയും അത് അടയ്ക്കാതിരുന്നതിനാൽ 04/03/2023 ൽ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. എന്നാൽ ആ തുക പിന്നീട് ഉപഭോക്താവ് അടച്ചു. സെക്ഷൻ ഉദ്യോഗസ്ഥർക്ക് അമിതമായ തുകയ്ക്ക് ബിൽ നൽകിയത് വീഴ്ചമൂലമാണെന്ന് മനസ്സിലാക്കുകയും അങ്ങനെ അടച്ച തുക അഡ്വാൻസ് എന്ന രീതിയിൽ ക്രമപ്പെടുത്തുകയും ചെയ്തു. ഈ കണക്ഷൻ തന്റെ പേരിലേക്ക് മാറ്റുകയും താരിഫ് ഡൊമസ്റ്റിക് എന്നതിലേക്ക് മാറ്റുകയും ചെയ്യാത്തതിനാൽ അപേക്ഷകൻ CGRF-നും പിന്നെ വൈദ്യുത ഓംബുഡ്സ്മാനും പരാതി നൽകുകയുണ്ടായി. ആ അപ്പീൽ പരാതി കേട്ട ശേഷം ഓംബുഡ്സ്മാൻ ഏപ്രിൽ-04-2024ന് ഉത്തരവിറക്കി. ഈ ഉത്തരവ് പുനഃ പരിശോധിക്കണമെന്നാണ് റിവ്യൂ പരാതിക്കാരന്റെ അപേക്ഷ.

ഉത്തരവ് പാലിക്കുന്നതിനായി ചില കാര്യങ്ങളിൽ വ്യക്തത വേണമെന്നാണ് പരാതിയിൽ പറയുന്നത്.

1. Electricity Supply Code റെഗുലേഷൻ 141 പ്രകാരം, വൈദ്യുതി വിച്ഛേദിച്ച കാലയളവിലും കമ്മീഷൻ അംഗീകരിച്ച പ്രകാരം ഏതെങ്കിലും തുക അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് അടയ്ക്കുവാൻ ഉപഭോക്താവ് ബാധ്യസ്ഥനാണ്.

2. 04/03/2023 മുതൽ disconnection നിലയിലായിരുന്ന കണക്ഷൻ തോമസ് മാത്തന്റെ പേരിലുള്ളത് തന്റെ പേരിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ ഫിലിപ് മാത്യു CGRF-ൽ പരാതി നൽകിയിരുന്നതിനാൽ ആ കാലയളവിൽ dismantle ചെയ്യുവാൻ സാധിക്കുമായിരുന്നില്ല. പരാതിയിൽ നൽകിയ ഉത്തരവ് പാലിക്കപ്പെടേണ്ടതിനാൽ കണക്ഷൻ നിലനിർത്തേണ്ടത് ആവശ്യമാണ്.

3. കണക്ഷൻ dismantle ചെയ്താൽ പുതിയ കണക്ഷനായി എടുക്കേണ്ടിവരും.

4. അധിക ചാർജ് ഈടാക്കിയത് അഡ്വാൻസായി ക്രമപ്പെടുത്തിയതിനാൽ ഈ വീഴ്ച നിമിത്തം ഉപഭോക്താവിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിട്ടില്ല.

## പുനഃപരിശോധനാ ഹർജിയുടെ നിലനിൽപ്പ്

ആദ്യമായി ഈ പുനഃപരിശോധന ഹർജി നിലനിൽക്കുമോ? പരിഗണനയ്ക്ക് വിധേയമാകുമോ? എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. KSERC(CGRF & Ombudsman) റെഗുലേഷൻ 2023 ലെ റെഗുലേഷൻ 46 പ്രകാരം ഒരു റിവ്യൂ പരാതി പരിഗണിക്കാൻ വേണ്ട നിബന്ധനകൾ താഴെ വിവരിക്കുന്നവയാണ്.

**46. Power to Review by the Electricity Ombudsman.**-(1) *"The Electricity Ombudsman may, either on its own motion or on an application of any person aggrieved by an order, review its order on the following grounds, namely:-"*

(i) *"on the discovery of a new and important matter or evidence which, after the exercise of due diligence, was not within his knowledge or could not be produced by him;"*

(ii) *"mistake or error apparent on the face of the record".*

(2) *"An application under clause (1) shall be filed within a period of fifteen days from the date of receipt of the order:*

*Provided that the Electricity Ombudsman may entertain an application after the expiry of the said period of fifteen days, if it is satisfied that the applicant had sufficient cause for not preferring the review within such period".*

(3) *"If on preliminary examination of the application, if the Electricity Ombudsman found that there is no sufficient ground for review, it shall reject the application after giving an opportunity of being heard to the applicant".*

പ്രസ്തുത റെഗുലേഷൻ പ്രകാരം പുതിയതായി എന്തെങ്കിലും വസ്തുതകളോ, തെളിവോ ഈ പരാതി ആദ്യം പരിഗണിച്ചപ്പോൾ അറിവിൽപ്പെടാതെ പോകുകയും പിന്നീട് ഹാജരാക്കുകയോ, അറിവിൽപ്പെടുകയോ ചെയ്യുമ്പോഴും ഉത്തരവിൽ എന്തെങ്കിലും തെറ്റോ പിഴവോ സംഭവിക്കുകയോ ചെയ്യുമ്പോഴുമാണ് പുനപരിശോധന ആവശ്യമായി വരുന്നത്.

ഇവിടെ കക്ഷി ഹാജരാക്കിയിരിക്കുന്നതോ ആവശ്യപ്പെടുന്നതോ ഒന്നും ഇത്തരത്തിലുള്ള പുതിയ തെളിവുകളോ, കണ്ടെത്തലുകളോ അല്ല. ഉത്തരവ് നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ചില സംശയങ്ങൾ മാത്രമാണ്. പിന്നെ ഉത്തരവിൽ തെറ്റോ പിഴവോ ഉള്ളതായി ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നാലും ഇരു കക്ഷികളെയും നേരിട്ട് വിളിച്ചുവരുത്തി 23/05/2024 ൽ വിശദമായ വാദം കേൾക്കുകയുണ്ടായി. വാദം കേൾക്കലിന് റിവ്യൂ

പരാതിക്കാരന്റെ ഭാഗത്ത് നിന്നും ശ്രീമതി. പ്രസീദ, AEE, തിരുവല്ലയും, തോട്ടും ഭാഗം AE, ശ്രീമതി. രമ്യയും പങ്കെടുത്തു. റിവ്യൂ എതിർ കക്ഷിയായ ശ്രീ. ഫിലിപ്പ് മാത്യുവും പങ്കെടുത്തു.

## <u>തീരുമാനം</u>

പരാതിയും രേഖകളും പരിശോധിക്കുകയും നേരിട്ട് വാദം കേൾക്കുകയും ചെയ്തതിൽ നിന്ന് KSERC (CGRF & Ombudsman) Regulation 2023 ലെ റെഗുലേഷൻ 46(1) (i) & 46(1) (ii) പ്രകാരം ഈ പരാതി പുനഃപരിശോധനയ്ക്ക് വിധേയമല്ല. അതിനാൽ പ്രസ്തുത പരാതി തള്ളിയതായി തീരുമാനിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

<u>RP/03/2024/ തീയതി: 27/05/2024.</u>

**<u>അയക്കുന്നത്:</u>**

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവല്ല, പത്തനംതിട്ട ജില്ല.

2. ശ്രീ. ഫിലിപ്പ് മാത്യു, സ്രാമ്പിക്കൽ വീട്, കല്ലൂപ്പാറ പി.ഓ., തിരുവല്ല, പത്തനംതിട്ട ജില്ല- 689583.

**<u>പകർപ്പ് സമർപ്പിക്കുന്നത്:</u>**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.